## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

### ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ-കുടിശ്ശികക്കാർ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3231

29.01.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ എടുത്ത് വായ്പാതുക പൂർണ്ണമായി തിരിച്ചടയ്ക്കാത്തവരെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പ എടുത്ത് വായ്പ തുക പൂർണ്ണമായി തിരിച്ചടയ്ക്കാത്തവരെ സംബന്ധിച്ച്, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ വിവരശേഖരണം നടത്തിയിട്ടുണ്ട്.<br>എറണാകുളം, ആലപ്പുഴ ജില്ലകളിൽ ഭാഗികമായും വിവരശേഖരണം നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 26, കാസർഗോഡ് ജില്ലയിൽ 9, കൊല്ലം ജില്ലയിൽ 9, കണ്ണൂർ ജില്ലയിൽ 63 ഉൾപ്പെടെ ആകെ 107 പേർ കുടിശ്ശിക വരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽ ഭിന്നശേഷിയുള്ള എത്ര വായ്പാ കുടിശ്ശികക്കാർ ഉൾപ്പെടുന്നു; വിശദമാക്കാമോ; | (ബി) | ഒന്ന്. |
| (സി) | പ്രസ്തുത വായ്പ എടുത്തവർക്ക് പലിശ കണക്കാക്കിയിരിക്കുന്നത് ഉയർന്ന നിരക്കിലാണെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ; | (സി) | ഇല്ല. അതത് കാലങ്ങളിൽ നിലനിൽക്കുന്ന സർക്കാർ നിരക്കുകളിലാണ് പലിശ കണക്കാക്കുന്നത്. |
| (ഡി) | കാലാവധി കഴിഞ്ഞ ഇത്തരം വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ